നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2010 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് 11.07.2010 ന് പ്രസിദ്ധീകരിച്ചു.

നാലാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **15.07.2010** ന് ആരംഭിക്കുന്നതാണ്. നാലാം ഘട്ട അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/ കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **15.07.2010 മുതൽ 17.07.2010 വരെ** **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **17.07.2010** വൈകുന്നേരം 5 മണി വരെ നിലനിൽക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **19.07.2010** ന് **നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ജൂലൈ 20, 21** തീയതികളിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

നാലാം ഘട്ട അലോട്ടുമെന്റിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് **(ME)** കോഴ്സിന് താഴെ പറയുന്ന കോളേജുകളിൽ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ് :

1. ബസലിയോസ് മാത്യൂസ്-II കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം **(BMC)**
2. വേദ വ്യാസാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മലപ്പുറം **(VVT)**

മൗണ്ട് സയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഫോർ വിമെൻ, ചെങ്ങന്നൂർ **(MZW)**-ൽ **CE, EE, EC, CS** എന്നീ കോഴ്സുകളിലേക്കും ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഈ കോളേജിലേക്ക് നാലാം അലോട്ടുമെന്റിനു ശേഷവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ടുമെന്റ് നടപടികൾ തുടരുന്നതാണ്.

**മൂന്നാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.**

ഒന്ന്/രണ്ട്/മൂന്ന് ഘട്ട അലോട്ടുമെന്റുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിച്ച് ഫീസ് ഒടുക്കിയതിനുശേഷം അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, **17.07.2010 ന്** വൈകുന്നേരം 5 മണിക്കു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. ഫാക്സ് മുഖേന ലഭിക്കുന്ന അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **17.07.2010** നുശേഷം ഒരു കാരണവശാലും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ചേർന്നു പഠിക്കാൻ ബാധ്യസ്ഥരാണ്. ഈ കോളേജുകളിൽ അഡ്മിഷൻ നേടാതെ സർക്കാർ സീറ്റുകൾ പാഴാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (C) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

കഴിഞ്ഞ മൂന്ന് അലോട്ടുമെന്റുകളിൽ അലോട്ട്മെന്റ് ഒന്നും ലഭിച്ചിട്ടില്ലാത്തവരും എന്നാൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേർന്നു പഠിക്കാൻ താത്പര്യമില്ലാത്ത വരുമായ വിദ്യാർത്ഥികൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് ഓപ്ഷനുകൾ നൽകിയിട്ടുണ്ടെങ്കിൽ അവ റദ്ദ് ചെയ്യേണ്ടതാണ്. നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ കോളേജുകളിൽ ചേർന്നു പഠിക്കാൻ ബാധ്യസ്ഥരായിരിക്കും.

**കുറിപ്പ്: നാലാം ഘട്ട അലോട്ടുമെന്റിനു ശേഷം നിലവിലുള്ള സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് തുടരുന്നതല്ല. എന്നാൽ മൗണ്ട് സയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഫോർ വിമെൻ, ചെങ്ങന്നൂർ (MZW), ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ച്ചർ, ചേലമ്പ്ര, മലപ്പുറം (DGR) എന്നീ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നാലാമത്തെ അലോട്ടുമെന്റിനുശേഷവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾ തുടരുന്നതാണ്.**

**നാലാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു :**

| | |
|---|---|
| 15.07.2010<br>(രാവിലെ 10 മണി മുതൽ) | നാലാം ഘട്ട അലോട്ടുമെന്റിലേക്ക് ഓപ്ഷനുകൾ ക്രമീകരി ക്കുന്നതിനും പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 17.07.2010<br>(വൈകുന്നേരം 5 മണി വരെ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനു മുള്ള സൗകര്യം അവസാനിക്കുന്നു |
| 17.07.2010<br>(വൈകുന്നേരം 5 മണി) | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി. |
| 19.07.2010 | നാലാം ഘട്ട അലോട്ടുമെന്റ് |
| 20.07.2010 or 21.07.2010 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |

**കോളേജുകളിൽ പ്രവേശനം തേടേണ്ട ഷെഡ്യൂൾ ചുവടെ ചേർക്കുന്നു :**

| Date & Time of Joining Govt./Aided/Govt. Controlled Self-financing Engineering Colleges | | | |
|---|---|---|---|
| **Time** | **21.07.2010** | **22.07.2010** | **23.07.2010** |
| 9 am | Civil Engineering (**CE**), Dairy Science & Tech. (**DS**), Agricultural Engineering(**AG**), Food Technology (**FT**), Information Technology (**IT**) | Mechanical Engineering (**ME**) Bio-Technology (**BT**), Mechanical Production-Engineering (**MP**) | Electronics & Communication Engineering (**EC**), Applied Electronics (**AE**), Electronics & Instrumentation (**EI**), Printing Technology (**PT**) |
| 1 pm | Architecture (**AR**), Instrumentation & Control-Engineering (**IC**), Biomedical Engineering (**BM**) | Computer Science (**CS**), Industrial Engineering (**IE**), Production Engineering (**PE**), Mechanical Automobile (**MA**), Automobile Engineering (**AU**) | Electrical & Electronics (**EE**), Chemical Engineering (**CH**), Polymer Engineering (**PO**) |

| Date & Time of Joining Private Self-financing Engineering Colleges | | |
|---|---|---|
| **Time** | **20.07.2010** | **21.07.2010** |
| 9 am | Civil Engineering (**CE**), Food Technology (**FT**), Information Technology (**IT**), Electronics & Communication Engg. (**EC**), Applied Electronics (**AE**) | Mechanical Engg. (**ME**), Bio-Technology (**BT**), Mechanical Production Engg. (**MP**), Electronics & Instrumentation (**EI**), Printing Technology (**PT**) |
| 1 pm | Architecture (**AR**), Instrumentation & Control Engg. (**IC**), Biomedical Engineering (**BM**), Electrical & Electronics (**EE**), Chemical Engineering (**CH**) | Computer Science (**CS**), Industrial Engg. (**IE**), Production Engineering (**PE**), Mechanical Automobile (**MA**), Automobile Engineering (**AU**), Polymer Engineering (**PO**), Aeronautical Engineering (**AO**) |
| **Date of Joining Govt./ Govt. Controlled Self-financing Medical Colleges for MBBS Course** | | **21.07.2010, 22.07.2010 & 23.07.2010** |
| **Classes to begin for all Courses** | | **26.07.2010** |
| **All Colleges to furnish non-joining report to the CEE** | | |

അലോട്ടുമെന്റിനേയും ഫീസ് ഒടുക്കുന്നതിനേയും സംബന്ധിച്ച ആധികാരിക വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **cee-kerala.org** സന്ദർശിക്കേണ്ടതാണ്. അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 - 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.



**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.07.2010